പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3305 14.03.2018 ൽ മറുപടിക്ക്

## വർക്കല മണ്ഡലത്തിൽ ആർദ്രം പദ്ധതി

| ചോദ്യം<br>ശ്രീ.വി. ജോയി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതി നടപ്പിലാക്കുന്നതിന് വർക്കല മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്തിട്ടുള്ള പ്രൈമറി ഹെൽത്ത് സെന്ററുകൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; | (എ) & (ബി) | ആർദ്രം പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ വർക്കല മണ്ഡലത്തിൽ നിന്ന് ചെമ്മരുതി പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്. ഇവിടെ ഒരു ഡോക്ടർ, ഒരു ലാബ് ടെക്നീഷ്യൻ, രണ്ട് നേഴ്സ് എന്നീ തസ്തികകൾ സൃഷ്ടിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ ആർദ്രം പദ്ധതി ആരംഭിച്ചിട്ടുള്ള ആശുപത്രികൾ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ; | | |
| (സി) | ആർദ്രം പദ്ധതി നടപ്പിലാക്കിയിട്ടുള്ള ആശുപത്രികളിൽ നിന്നും കൂടുതലായി എന്തെല്ലാം സേവനങ്ങളാണ് ജനങ്ങൾക്ക് ലഭിക്കുന്നത് എന്ന് അറിയിക്കുമോ? | (സി) | ആർദ്രം പദ്ധതി പ്രകാരം തെരെഞ്ഞെടുക്കപ്പെട്ട ആരോഗ്യ സ്ഥാപനങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ ഇരിപ്പിടങ്ങൾ, കുടിവെള്ളം, ടോയിലറ്റ് സൗകര്യങ്ങൾ ഡ്രെയിനേജുകൾ, എന്നീ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചും ആരോഗ്യ ബോധവത്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയും അധിക തസ്തികകൾ സൃഷ്ടിച്ചും രോഗീസൗഹൃദമാക്കുക എന്നതാണ് ലക്ഷ്യമിടുന്നത്.<br><br>കേരളത്തിൽ വലിയ തോതിൽ രോഗാതുരതയ്ക്ക് കാരണമാകുന്ന ജീവിതശൈലി രോഗങ്ങളായ രക്തസമ്മർദ്ദം, പ്രമേഹം എന്നിവയുടെ ചികിത്സയും ഈ സ്ഥാപനങ്ങൾ വഴി ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ